**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3103** **18-03-2022 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര ചലച്ചിത്ര മേള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.പി. സുമോദ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ചലച്ചിത്രാസ്വാദക ലോകത്ത് ഇതിനകം തന്നെ ഖ്യാതി നേടിയ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (ഐ.എഫ്.എഫ്.കെ) കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പരമാവധി ചലചിത്രാസ്വാദകർക്ക് സിനിമ പ്രദർശനങ്ങൾ ആസ്വദിക്കുവാൻ അവസരം ഒരുക്കുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | 26-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളേ കോവിഡ് നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുകൊണ്ട് 2022 മാർച്ച് 18 മുതൽ 25 വരെ തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. 100 ശതമാനം സീറ്റുകളിലും സർക്കാർ പ്രവേശനാനുമതി നൽകിയതിനാൽ 15 തിയേറ്ററുകളിലായി മുഴുവൻ സീറ്റുകളിലും ഡെലിഗേറ്റുകൾക്ക് പ്രവേശനം നൽകും. 10000ത്തോളം ചലച്ചിത്രാസ്വാദകർക്ക് ലോകസിനിമയിലെ ഏറ്റവും പുതിയ ചലനങ്ങൾ ആസ്വദിക്കാൻ ഇത് അവസരം നൽകും. വിദ്യാർത്ഥികൾക്ക് ഇത്തവണ കൂടുതൽ പ്രാതിനിധ്യം നൽകിയിട്ടുണ്ട്. മേള കൂടുതൽ ആകർഷകമാക്കുന്നതിനായി മുഖ്യവേദിയിൽ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ചലച്ചിത്രോത്സവത്തിന്റെ നടത്തിപ്പ്, പ്രദർശന ചിത്രങ്ങളുടെ തെരഞ്ഞെടുപ്പ്, ചലച്ചിത്ര പ്രദർശനങ്ങൾ, അവാർഡുകളുടെ നിർണ്ണയം തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ചലച്ചിത്രോൽസവത്തിൻെറ നടത്തിപ്പിനായി 2022 ഫെബ്രുവരി 24ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിമ്പിയ ഹാളിൽ നടന്ന യോഗത്തിൽ വിപുലമായ സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്. അതുപ്രകാരമുള്ള വിവിധ സബ് കമ്മിറ്റികൾ യോഗം ചേർന്ന് മേള കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചലച്ചിത്രപ്രദർശനം കാര്യക്ഷമമായി നടത്തുന്നതിന് തിയേറ്റർ കമ്മിറ്റി ഫെസ്റ്റിവൽ തിയേറ്ററുകൾ സന്ദർശിച്ച് സാങ്കേതികത്തികവ് ഉറപ്പു വരുത്തിയിട്ടുണ്ട്. ഡെലിഗേറ്റ് കമ്മിറ്റി, റിസപ്ഷൻ ആൻറ് ഹോസ്പിറ്റാലിറ്റി, വളണ്ടിയർ, മീഡിയ കമ്മിറ്റികൾ മേളയുടെ സുഗമമായ നടത്തിപ്പിന് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (സി) | നൂതന ആശയങ്ങളിലൂടെ ചലച്ചിത്രോത്സവം | (സി) | 26-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള കോവിഡ് |

| | | | |
|---|---|---|---|
| | ജനകീയമാക്കുന്നതിനും ലോകോത്തര സിനിമകൾ കൂടുതൽ ആസ്വാദകരിലേയ്ക്ക് എത്തിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്താമോ? | | നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുകൊണ്ട് 2022 മാർച്ച് 18 മുതൽ 25 വരെ തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. 100 ശതമാനം സീറ്റുകളിലും സർക്കാർ പ്രവേശനാനുമതി നൽകിയതിനാൽ 15 തിയേറ്ററുകളിലായി മുഴുവൻ സീറ്റുകളിലും ഡെലിഗേറ്റുകൾക്ക് പ്രവേശനം നൽകും. 10000ത്തോളം ചലച്ചിത്രാസ്വാദകർക്ക് ലോകസിനിമയിലെ ഏറ്റവും പുതിയ ചലനങ്ങൾ ആസ്വദിക്കാൻ ഇത് അവസരം നൽകും. വിദ്യാർത്ഥികൾക്ക് ഇത്തവണ കൂടുതൽ പ്രാതിനിധ്യം നൽകിയിട്ടുണ്ട്. മേള കൂടുതൽ ആകർഷകമാക്കുന്നതിനായി മുഖ്യവേദിയിൽ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ